**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5592** **13-08-2021 - ൽ മറുപടിയ്ക്ക്**

**എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കുത്തുമാക്കംപുരയ്ക്കൽ ചിറക്കൽ ചെറുപുഴ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭരണാനുമതി ലഭിച്ച് ആറു വർഷം കഴിഞ്ഞിട്ടും എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കുത്തുമാക്കംപുരയ്ക്കൽ ചിറക്കൽ ചെറുപുഴ പദ്ധതി അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കുത്തുമാക്കം പുരക്കൽ ചിറക്കൽ ചെറുപുഴ പദ്ധതി ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചതുമൂലം സർക്കാരിനും ഈ പദ്ധതിക്കും എന്തെല്ലാം കഷ്ടനഷ്ടങ്ങളാണ് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്; | (ബി) | ഉണ്ട്. കുത്തുമാക്കൽ പുരയ്ക്കൽ, ചിറയ്ക്കൽ, ചെറുപുഴ പദ്ധതിയുടെ കരാറുകാരൻ പ്രഥാമിക ബാധ്യതയായ 92,57,944 രൂപയാണ് സർക്കാരിലേക്ക് അടക്കേണ്ടതായിട്ടുള്ളത്. ടിയാൻ ഒടുക്കിയ സെക്യൂരിറ്റി തുകയായ 17,89,600/- രൂപ കിഴിച്ച് ബാക്കി തുകയായ 74,78,344 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ റിടെൻഷൻ തുകയായ 4,88,145/- രൂപയും ഈ കരാറുകാരന്റെ തന്നെ മറ്റൊരു പ്രവൃത്തിയുടെ റിടെൻഷൻ തുകയും വിട്ടുനൽ ചെയ്തിട്ടില്ല. |
| (സി) | ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും വേണ്ട രീതിയിലുള്ള മോണിറ്ററിംഗ് ഉദ്യോഗസ്ഥതലത്തിൽ നടന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിൽ വീഴ്ച വന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്; | (സി) | ഉണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് റീടെൻഡർ ചെയ്യുന്നതിന് ആവശ്യമായ അധികതുക ആസ്തിവികസന നിധിയിൽനിന്ന് നൽകാമെന്ന് സ്ഥലം എം.എൽ.എ. കത്തു നൽകിയെങ്കിലും ആസ്തി വികസന നിധി ഒരു കോടി രൂപയായി ചുരുക്കിയതിനാൽ തുക നൽകാൻ സാധിക്കാത്ത അവസ്ഥയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് | (ഡി) | കുത്തുമാക്കൽ ചിറക്കൽ ചെറുപുഴ പദ്ധതിയുടെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 4.37 കോടി രൂപയ്ക്ക് DSR 2016 പ്രകാരം സ്പെസിഫിക്കേഷനിൽ മാറ്റം വരുത്താതെ തയ്യാറാക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയായ 4.80കോടി രൂപയിൽ അധികരിക്കാത്തതിനാൽ പ്രവൃത്തി 06/08/2021 ന് റീടെണ്ടർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കുഞ്ഞുമാക്കൽ ചിറക്കൽ ചെറുപുഴ പദ്ധതിയ്ക്കുവേണ്ടി സ.ഉ (സാധാ) നം. 700/2015 തീയതി 18/08/2015 പ്രകാരം കൈപ്പമംഗലം നിയോജകമണ്ഡലം മുൻ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എൽ.എ.സി-എ.ഡി.സ്. പദ്ധതി പ്രകാരം 4.80 കോടി രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകുകയുണ്ടായി. എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 14.9% താഴ്ന്ന നിരക്കിൽ കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും, എന്നാൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തതിനാലും., പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അനുബന്ധകരാറിൽ ഏർപ്പെടാതിരുന്നതിനാലും ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ 14/11/2018 ൽ ഉടമ്പടി കരാർ റദ്ദ ചെയ്തു. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റദ്ദ് ചെയ്ത പ്രവൃത്തി ആയതുകൊണ്ട് ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ PWD മാനുവലിലെ ഉപഖണ്ഡം 2117 പ്രകാരം സ്പെസിഫിക്കേഷനിൽ മാറ്റം വരുത്താത്തെയും, റേറ്റിൽ മാറ്റം വരുത്താതെയും, 3,53,02,995/- രൂപയ്ക്കാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. മൂന്നു തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 07-01-2020 ന് വീണ്ടും ടെണ്ടർ ക്ഷണിക്കുകയും കരാറുകാരൻ 67% അധിക നിരക്കായ 5,51,32,512/- രൂപയ്ക്ക് ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. Single Tender Committee 26.02.2020 ന് കൂടുകയും കമ്മിറ്റിയുടെ തീരുമാന പ്രകാരം Single Tender അംഗീകരിക്കുന്നതിനു വേണ്ടിയും പുതുക്കിയ ഭരണാനുമതിയ്ക്കായും MP2/58/2020-WRD ഫയലിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന ബാലൻസ് പ്രവൃത്തിയ്ക്കായി ഏത് സാമ്പത്തിക വർഷത്തിൽ നിന്നാണ് ആവശ്യമായ തുക വിനിയോഗിക്കേണ്ടത് എന്ന് വ്യക്തമാക്കി അധികമായി വരുന്ന തുക ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുവാനുള്ള എം. എൽ.എയുടെ ശുപാർശ കത്ത് സഹിതം പ്രൊപ്പോസൽ പുനഃ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്ക് ആവശ്യമായ ബാക്കി തുക 135 ലക്ഷം രൂപ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ എം.എൽ.എയ്ക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ആസ്തി വികസന നിധി ഒരു കോടി രൂപയായി ചുരുക്കിയ സാഹചര്യത്തിൽ പ്രസ്തുത തുക നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടായി. ടെണ്ടറിന്റെ Firm Period 02-04-2020 ൽ അവസാനിക്കുകയും, 31-01-2021 വരെ Firm Period ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരനോട് ആവശ്യപ്പെട്ടുവെങ്കിലും ആയത് ദീർഘിപ്പിച്ചു നൽകിയിട്ടില്ലാത്തതാകുന്നു.

പ്രസ്തുത സാഹചര്യത്തിൽ കുഞ്ഞുമാക്കൽ ചിറക്കൽ ചെറുപുഴ പദ്ധതിയുടെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 4.37 കോടി രൂപയ്ക്ക് DSR 2016 പ്രകാരം സ്പെസിഫിക്കേഷനിൽ മാറ്റം വരുത്താതെ തയ്യാറാക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയായ 4.80 കോടി രൂപയിൽ അധികരിക്കാത്തതിനാൽ പ്രവൃത്തി 06/08/2021 ന് റീടെണ്ടർ ചെയ്തിട്ടുണ്ട്.